# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5869 — 19.11.2019 ൽ മറുപടിക്ക്

### നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.എം.കെ മുനീർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.കെ.എം.ഷാജി : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം നിലവിൽ വന്നതിന് ശേഷം നിക്ഷേപത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" നിലവിൽ വന്നതിന് ശേഷം വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതി, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, വിവിധ വകുപ്പുകളിൽ നിന്നുള്ള സ്പോട്ട് രജിസ്ട്രേഷൻ, സമയബന്ധിതമായ അനുമതികൾ, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാൻ സാധ്യമാകുന്നതാണ്.<br><br>വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി, സർക്കാരിന്റെ അനുമതിയോടെ കെഎസ്ഐഡിസി രൂപീകരിച്ച ഒരു ഓൺലൈൻ ഏകജാലക സംവിധാനം ആണ് കെ-സ്വിഫ്റ്റ്. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ |

| | | | |
|---|---|---|---|
| . | | | ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. കെ-സ്വിഫ്റ്റ് സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 691 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 326 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 25 ക്ലിയറൻസുകളും അല്ലാതെ 122 ഡീംഡ് ലൈസൻസുകളും കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |
| **(ബി)** | പ്രസ്തുത നിയമം നിലവിൽ വന്ന് നാളിതുവരെയായിട്ടും ചട്ടങ്ങൾ നിർമ്മിക്കാത്തത് പലതരത്തിലുള്ള ബുദ്ധിമുട്ട് സൃഷ്ടിക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ചട്ടങ്ങൾ നിർമ്മിക്കുന്നതിന്റെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ? | **(ബി)** | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിലനിന്നിരുന്ന ഏഴ് നിയമങ്ങളിലും, പത്ത് ചട്ടങ്ങളിലും ഭേദഗതി വരുത്തുകയുണ്ടായി. കൂടാതെ ഈ നിയമം നിലവിൽ വന്നതിന് ശേഷം ചട്ടങ്ങൾ നിർമ്മിക്കേണ്ട വകുപ്പുകളായ തദ്ദേശസ്വയംഭരണ വകുപ്പ്, വ്യവസായ വകുപ്പ്, ജലവിഭവ വകുപ്പ്, ഊർജ്ജ വകുപ്പ് എന്നീ വകുപ്പുകൾ ചട്ട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |

(signature)

**സെക്ഷൻ ഓഫീസർ**